GSMMGHSS SL PURAM
34040



# നവമുകുളങ്ങൾ

2018-19

## ആശംസകളോടെ

കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു വിപ്ളവം കുറിച്ച് കൊണ്ടാണ് ഹൈടെക് ക്ളാസ്സ് മുറികൾ പ്രവർത്തനം ആരംഭിച്ചത്.കൈറ്റ് നടപ്പാക്കി വരുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി ഇൻഡ്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയാണ്. എസ് എൽ പുരം സ്കൂൾ ലിറ്റിൽ കൈറ്റ്സ് പ്രകാശനം ചെയ്യുന്ന ഈ ഡിജിറ്റൽ മാഗസിൻ സർഗ്ഗാത്മകതയുടെ ഡിജിറ്റൽ ആവിഷ്കാരമാണ്.ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപകരെ അഭിനന്ദിക്കുന്നു. ആർട്ടിഫിഷൽ ഇന്റെലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ നവീനആശയങ്ങളിലേക്ക്, ഡിജിറ്റൽ ഇൻഡ്യയുടെ പൂർണ്ണതയിലേക്ക് ഒരു ചുവട് വെയ്പാകട്ടെ ഈ മാഗസിൻ......



എസ് എൽ പുരം

റാണി തോമസ്,
ഹെഡ്മിസ്ട്രസ്,
ജി എസ് എം എം ജി എച്ച്എസ്എസ്,
എസ് എൽ പുരം,
ആലപ്പുഴ.

# എഡിറ്റോറിയൽ

എസ് എൽ പുരം ജി എസ് എം എം ഗവ.ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ സംരംഭമാണ് "നവമുകുളങ്ങൾ" എന്ന ഈ മാഗസിൻ.പൊതു വിദ്യായലങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുന്ന ഈ കാലഘട്ടത്തിൽ പഠന മികവിനോടൊപ്പം വിവിധ രംഗങ്ങളിലെ അവരുടെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കുവാനാണ് ഈ എളിയ സംരംഭംകൊണ്ട് ഉദ്ദേശിക്കുന്നത്.ഈ ഉപഹാരം സ്വീകരിക്കൂ....... ആശീർവദിക്കൂ........

എഡിറ്റർ



**അയിഷ എസ്**

ഉള്ളടക്കം

1. ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം.........................................4
2.. എസ്എൽ പുരം ഹയർ സെക്കൻഡറി സ്കൂൾ ലക്ഷ്യംവയ്ക്കുന്ന മേഖലകൾ...7
3. ആലപ്പുഴ- എന്റെ ജില്ല.........................................................9
4. കാട്ടിൽ പോയ പൂച്ചക്കുട്ടി!.....................................................10
5. പ്രവാസ ശേഷം.................................................................12
6 .DREAMS.................................................................15
7. മാമ്പഴം.......................................................................17
8 സംഖ്യാ ഗാനം................................................................18
9. Rebuilding of Kerala after Flood.......................................19
10. RIDDLES......................../..............................................21
11. മയിൽ.........................................................................24
12. ടിക്കുവിന് പറ്റിയ അമളി....................................................25
13. ബുദ്ധിശാലിയായ കോഴി......................................................26
14. ലുട്ടാപ്പി.......................................................................27
15. മഴ............................................................................28
16. വിദ്യാലയമൊരു പൂമരം........................................................29
17. MATILDA'S MAGIC COW...............................................31
18. CINDERELLA............................................................33
19.GALLERY ................................. .........................35
20. AND MILES TO GO BEFORE I SLEEP.........................36

## ചരിത്രത്തിലേക്ക്  ഒരു എത്തിനോട്ടം

## ജി ശ്രീനിവാസ മല്ലൻ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ എസ്എൽ പുരം

**ചൊരിമണലിൽ അധ്വാനിച്ച് പൊന്നുവിളയിച്ച് ലോകഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ട നാടാണ് കഞ്ഞിക്കുഴി അഥവാ എസ്എൽ പുരം. പുന്നപ്രയിലും വയലാറിലും എന്നപോലെ മാരാരിക്കുളത്തിനുമുണ്ട് രക്തസാക്ഷികളുടെ ചങ്കിലെ ചെഞ്ചോര കൊണ്ടെഴുതിയ സമര ചരിത്രം. മനുഷ്യമനസ്സിനെ ആഴങ്ങൾ അളക്കാൻ നാടകത്തിലൂടെയും തിരക്കഥകളിലൂടെ ശ്രമിച്ച യശ:ശരീരനായ എസ്എൽ പുരം സദാനന്ദന്റെ നാട്...........**

**ആലപ്പുഴയ്ക്കും ചേർത്തലയ്ക്കും ഇടയ്ക്ക് ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്ന ജി ശ്രീനിവാസ മല്ലൻ മെമ്മോറിയൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെടുന്ന നാട്. ഇങ്ങനെ കേരള ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും മനുഷ്യ അധ്വാനത്തിന്റെയും ഭൂമിക കൂടിയാകുന്നു.**

**സ്കൂൾ സ്ഥിതിചെയ്യുന്ന രണ്ടര ഏക്കർ സ്ഥലം ഈ നാട്ടുകാരനായ ജി ശ്രീനിവാസ മല്ലൻ എന്ന ജന്മി സർക്കാരിന് ദാനമായി നൽകിയിട്ടുള്ളതാണ്. 75 വർഷം മുമ്പ് ഒരു പ്രാഥമിക വിദ്യാലയം ആയിട്ടാണ് ഇതാരംഭിച്ചത്. 1978 ൽ ഹൈസ്കൂളായി ഉയർത്തി. രണ്ടായിരത്തിൽ ഇവിടെ ഹയർസെക്കൻഡറി അനുവദിച്ചു. ഇപ്പോൾ എൽകെജി മുതൽ ഹയർസെക്കൻഡറിവരെ പ്രവർത്തിച്ചുവരുന്നു. എല്ലാ വിഭാഗങ്ങളിലുമായി ആയിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി എസ്എസ്എൽ സിക്ക് സമ്പൂർണ്ണ വിജയമാണ്.**

**ഹയർസെക്കൻഡറിവരെയുള്ള 3 സ്കൂളുകൾ അടക്കം 6  അൺ എയ്ഡഡ്**

സ്കൂളുകളും 5 എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളും ഈ സർക്കാർ വിദ്യാലയത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ ഉണ്ട്. പ്രൈമറി വിദ്യാലയങ്ങൾ വേറെയും. മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കൻഡറി സ്കൂളായ ഇവിടെ സ്വന്തമായി വാഹനം , സ്ഥിരതയുള്ള സ്കൂൾ കെട്ടിടങ്ങൾ, കായിക പരിശീലനത്തിനുള്ള സ്ഥലം, ഓഡിറ്റോറിയം, കൃഷിസ്ഥലം ഇങ്ങനെ ഭൗതികമായ ഒട്ടേറെ പരിമിതികളെ അതിജീവിക്കേണ്ടതായിട്ടുണ്ട്. കയർ- കാർഷിക- മത്സ്യ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ മക്കളും ദലിത് പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികളും പരിസരവാസികളായ അധ്യാപകരുടെ മക്കളുമാണ് ഇവിടുത്തെ വിദ്യാർത്ഥികളിൽ അധികവും. ക്രിയാത്മകമായ ഒരു പി ടി എ, എസ് എം സി, പൂർവ്വവിദ്യാർത്ഥി- അധ്യാപക കൂട്ടായ്മ എന്നിവയുടെ ഇച്ഛാശക്തിയും ഊർജ്ജവും സ്ഥാപനത്തിന് മുതൽക്കൂട്ടാണ്. സ്റ്റുഡൻസ് പോലീസ് കേഡറ്റ്, സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ് എന്നിവ സ്കൂളിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു. ASAP ന്റെ ജില്ലാ പഠനകേന്ദ്രം അത് കമ്മീഷൻ സാക്ഷരതാ കമ്മീഷന്റെ എസ്എസ്എൽസി ഹയർസെക്കൻഡറി പഠനം തുല്യതാ പഠനകേന്ദ്രം പി എസ് സി പരീക്ഷ കേന്ദ്രം എന്നിവയായും സ്കൂൾ പ്രവർത്തിച്ചുവരുന്നു.

ഹയർസെക്കൻഡറി വിഭാഗത്തിൽ സയൻസ് ഹ്യുമാനിറ്റീസ് എന്നീ ബാച്ചുകൾ പ്രവർത്തിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി വിദ്യാലയത്തെ "മികവിന്റെ കേന്ദ്രം" ആക്കി മാറ്റുന്നതിനുള്ള തീവ്രശ്രമത്തിലാണ് രക്ഷിതാക്കളും അധ്യാപകരും. പുതിയ വിദ്യാഭ്യാസ സിദ്ധാന്തങ്ങൾക്ക് അനുരൂപമായി വിദ്യാലയത്തെ പരുവപ്പെടുത്തേണ്ടതാണ്. 'സാ വിദ്യ ...... യാ...... വിമുക്തയേ' എന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് പൂർണ്ണതയിൽ എത്തേണ്ടത്. മോചനം അരുളുന്നത് എന്തോ അതാണ് വിദ്യാഭ്യാസം. എല്ലാ വിധത്തിലുമുള്ള ബന്ധനങ്ങളിൽ നിന്നുള്ള മോചനം. ഇതിന്, വിദ്യാലയവും അദ്ധ്യാപകരും സമൂഹവും മാറണം. വിദ്യാർത്ഥി സത്തയുടെ പൂർണ്ണമായ ഇതൾ വിടർത്തലിലേക്ക് വിദ്യാലയം വളരണം. ഈയൊരു കാഴ്ചപ്പാടോട്ടു കൂടിയ പ്രവർത്തനമാണ് എസ്എൽ പുരം ഗവൺമെൻറ് സ്കൂൾ സമൂഹം നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ
**ഗ്രാമീണ വിദ്യാലയത്തെ നവീകരിച്ച പൊൻകിരീടം അണിയിക്കുന്നതിന് ബഹു. ധനമന്ത്രിയും മാരാരിക്കുളം നിയമസഭാമണ്ഡലത്തിലെ എംഎൽഎയുമായ ഡോക്ടർ ടി എം തോമസ് ഐസക്കിന്റെ പരിപൂർണ്ണ പിന്തുണയുമുണ്ട്. ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം സാധാരണ വിദ്യാർഥികൾക്ക് ലഭ്യമാക്കണമെന്ന് ഉദ്ദേശത്തോടെ പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സ്കൂൾ നവീകരിക്കുന്നതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയത് തൃശ്ശൂർ എൻജിനീയറിങ് കോളേജ് ആർക്കിടെക്ട് വിഭാഗം മേധാവി ഡോക്ടർ ജോസ്ന റാഫേലും ഇതിനുവേണ്ട ധനസഹായം നൽകിയത് ഈ സ്കൂളിന്റെ പൂർവ്വവിദ്യാർത്ഥി ശ്രീ പ്രേംകുമാർ ആണ്.**

## എസ് എൽ പുരം ഹയർ സെക്കൻഡറി സ്കൂൾ ലക്ഷ്യംവയ്ക്കുന്ന മേഖലകൾ

1.സ്കൂൾ നടത്തിപ്പിനായി ശക്തമായ മാനേജിങ് കമ്മിറ്റി

2. ശുദ്ധവും വൃത്തിയുള്ളതുമായ സ്കൂൾ ക്യാമ്പസ്.

3. സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനുള്ള കർമ്മപദ്ധതികൾ

4. സ്വഭാവ രൂപവത്കരണത്തിനും വ്യക്തിത്വ വികസനത്തിനും ഉള്ള പരിശീലന പദ്ധതികൾ.

5. വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും ആയുള്ള ആരോഗ്യത്തിന് കൗൺസിലിംഗ് സംവിധാനങ്ങൾ

6. പൂർവ്വ അധ്യാപക- വിദ്യാർത്ഥികളുടെ അറിവും പരിചയവും പ്രയോജനപ്പെടുത്തുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ

7. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പ്രവർത്തനക്ഷമമായ ലാബുകൾ ക്ലാസ് മുറികൾ ആക്ടിവിറ്റി റൂമുകൾ

8. ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്, വൃത്തിയുള്ള ശൗചാലയങ്ങൾ.

9. ശുദ്ധമായ കുടിവെള്ളം എല്ലായിപ്പോഴും ലഭ്യമാക്കൽ

10.' ഗോ ഗ്രീൻ' ആശയം പൂർണ്ണമാക്കുന്ന ക്യാമ്പസ്

11. സ്കൗട്ട്, ഗൈഡ്സ്, എസ് പി സി, റെഡ് ക്രോസ് തുടങ്ങിയ

സേവനപ്രവർത്തനങ്ങൾക്ക് കൃത്യമായ കർമ്മപദ്ധതി.

12. അച്ചടക്കമുള്ള ആചാര മര്യാദകൾ പാലിക്കുന്ന കൃത്യമായ പെരുമാറ്റ രീതികൾ.

13. എല്ലാ കുട്ടികളുടെയും പരിപൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന സ്കൂൾ അസംബ്ലികൾ

14. വിവിധ മേഖലകളിൽ വിദഗ്ധരായവരുടെ നേതൃത്വത്തിലുള്ള സെമിനാറുകൾ, പ്രവൃത്തി പരിചയ പരിശീലനങ്ങൾ, ബോധ വൽക്കരണ ക്ലാസ്സുകൾ ഇംഗ്ലീഷ് ഭാഷാ പഠനം

15. പ്ലാസ്റ്റിക് രഹിത ലഹരിവിരുദ്ധ സമീപനം പ്രധാന തീം.

16. യാതൊരു വിധ വിവേചനങ്ങളും ഇല്ലാത്ത ഐക്യം പ്രചരിപ്പിക്കൽ

17. മികച്ച കായിക പരിശീലന പരിപാടികൾ, യോഗ, ഏറോബിക്സ്, taekwondo പരിശീലനങ്ങൾ

18. കൃത്യമായ, ശക്തമായ ക്ലാസ് പിടിഎ , എസ് എം സി പ്രവർത്തനങ്ങൾ

## ആലപ്പുഴ- എന്റെ ജില്ല



കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്നു.
ജലോത്സവങ്ങളുടെ നാട് എന്നറിയപ്പെടുന്നു.
കേരളത്തിലെ ഏറ്റവുംചെറിയ ജില്ല.
ആലപ്പുഴ പട്ടണം സ്ഥാപിച്ചത് ദിവാൻ രാജാകേശവദാസാണ്.
കേരളത്തിലെ വനപ്രദേശങ്ങൾ ഇല്ലാത്ത ഏക ജില്ല.
കായംകുളം താപവൈദ്യുതി നിലയം ആലപ്പുഴയിലാണ്.
സമുദ്രനിരപ്പിൽനിന്നും താഴെ സ്ഥിതിചെയ്യുന്ന പ്രദേശമായ കുട്ടനാട് ആലപ്പുഴ ജില്ലയിലാണ്.
മണ്ണാറശാല ക്ഷേത്രം ആലപ്പുഴ ജില്ലയിലാണ്.
കേരളത്തിലെ ഏറ്റവും പ്രശസ്ത ജലോത്സവം ആയ നെഹ്റുട്രോഫി വള്ളംകളി ആലപ്പുഴ ജില്ലയിലെ വേമ്പനാട് കായലിന്റെ ഭാഗമായ പുന്നമട കായലിൽ ആണ് നടക്കുന്നത്.
ദക്ഷിണ ഗുരുവായൂർ എന്നറിയപ്പെടുന്ന അമ്പലപ്പുഴ ക്ഷേത്രം ആലപ്പുഴ ജില്ലയിലാണ്.
കേരളത്തിലെ പശ്ചിമതീരത്തെ ആദ്യ ദീപസ്തംഭം ആലപ്പുഴയിലാണ്.
കേരളത്തിലെ ആദ്യത്തെ ആധുനിക ഫിലിം സ്റ്റുഡിയോയാണ് ഉദയ സ്റ്റുഡിയോ.
കേരളത്തിലെ ആദ്യത്തെ കയർ ഫാക്ടറിയായ ഡാറാസ് മെയിൽ ആൻഡ് കോ 1959 ൽ ആലപ്പുഴയിൽ സ്ഥാപിതമായി.
കേരളത്തിലെ ആദ്യത്തെ പോസ്റ്റോഫീസ് ആലപ്പുഴയിലാണ് സ്ഥാപിതമായത്.
കേരളത്തിലെ ആദ്യത്തെ കയർ ഗ്രാമമാണ് വയലാർ.
കേരളത്തിലെ ഏറ്റവുംവലിയ ചുമർ ചിത്രമായ ഗജേന്ദ്രമോക്ഷം കൃഷ്ണപുരം കൊട്ടാരത്തിൽ ആണുള്ളത്.
വേമ്പനാട് കായലിൽ സ്ഥിതിചെയ്യുന്ന മനോഹരമായ ചെറുദ്വീപ് പാതിരാമണൽ ആലപ്പുഴയിലാണ്.

അലീന മണിയപ്പൻ

## കാട്ടിൽ പോയ പൂച്ചക്കുട്ടി!

ഒരിക്കൽ ഒരു പൂച്ചക്കുട്ടി വഴിതെറ്റി കാട്ടിലെത്തി.'അയ്യോ ! ഇനിയെങ്ങനെ പുറത്തുകടക്കും?'പൂച്ചക്കുട്ടി ആകെ വിഷമിച്ചു പോയി. കാട്ടിലൂടെ കുറേനേരം നടന്നതും അതാ മറ്റൊരു പൂച്ചക്കുട്ടി! 'ഹാവൂ, രക്ഷപെട്ടു. ഒരു കൂട്ടുകാരനെ കിട്ടിയല്ലോ ! 'അവർ രണ്ടുപേരും കൂട്ടുകൂടി.കൂട്ടുകാരനെ കിട്ടിയതും പൂച്ചക്കുട്ടിയുടെ വിഷമമൊക്കെ മാറി.

അവർ രണ്ടുപേരും കാട്ടിലൂടെ കളിച്ചുനടന്നു. അതോടെ നാട്ടിലെ പൂച്ചക്കുട്ടിക്ക് കാട്ടിൽനിന്നും തിരികെപോരാനും തോന്നിയില്ല. കുറെ നാൾ കഴിഞ്ഞതും പൂച്ചക്കുട്ടി വളർന്ന് വലുതായി. നാട്ടിലെ പൂച്ചക്കുട്ടിയോ, ചെറുതായി തന്നെയിരുന്നു!' കൂട്ടുകാരനെ പോലെ എനിക്കും വലുതാകണം!' അവന് കരച്ചിൽ വന്നു.

വിഷമിച്ചിരുന്ന അവനെ കാട്ടിലെ പൂച്ചക്കുട്ടി തൻറെ വീട്ടിലേക്കു കൊണ്ടുപോയി. അവിടെ കാട്ടിലെ പൂച്ചയുടെ അച്ഛനും അമ്മയും ഉണ്ടായിരുന്നു. നാട്ടിലെ പൂച്ചക്കുട്ടിയുടെ വിഷമം കണ്ട് അവർ പറഞ്ഞു:"



പൂച്ചക്കുട്ടി,  ഞങ്ങൾ നിന്നെ പോലെ പൂച്ചകൾ അല്ല, ഞങ്ങൾ കാട്ടിൽ താമസിക്കുന്ന പുലികളാണ്.  ഞങ്ങൾ വളർന്നു വലുതാകും!"  പൂച്ചക്കുട്ടിക്ക് കാര്യം  മനസിലായി.    പുലി അച്ഛൻ  അവന് നാട്ടിലേക്കു പോകാനുള്ള വഴിയും പറഞ്ഞു കൊടുത്തു. പോകും മുമ്പ് ഒരു  കാര്യം കൂടി പറഞ്ഞു:" ഞങ്ങൾ പുലികളുടെ ബന്ധുക്കളാണ് നിങ്ങൾ പൂച്ചകൾ, കേട്ടോ? ഞങ്ങളെ  കണ്ട കാര്യം  വേഗം നാട്ടിൽ ചെന്ന് എല്ലാവരോടും പറഞ്ഞോളൂ!" പൂച്ചക്കുട്ടി നേരെ ഓടി നാട്ടിലെത്തി. എന്നിട്ട് ഗമയോടെ പാടി നടന്നു.

കാട്ടിൽ ബന്ധുക്കാരുണ്ടേ
കളിയാടാൻ ആയി  കൂട്ടുണ്ടേ
നീളൻ വാലും മീശയും ഉള്ളോരു
പുലികൾ ഞങ്ങടെ സ്വന്തക്കാർ!

**ലക്ഷ്മി എ**
**ക്ളാസ് IX A**

കവിത

## പ്രവാസ ശേഷം

അസ്ഥിര ചിത്രം സന്ധ്യാവേളയിൽ സ്വസ്ഥത പറ്റിയ
പൊയ്കയിൽ വേനൽ വാട്ടിയ വൃക്ഷ ശതങ്ങളിൽ
നോവിൻനേരിയ ഇരവു പുതച്ചും
മനസ്സിൻ മാമര ശാഖകളിൽ
വാവൽ സ്മരണ  വിരുന്നു വരുമ്പോൾ
നൊമ്പര മധുരിത ഗാനം മൂളും
കാറ്റൊരു കേൾക്കാത്ത കഥയുടെ    ചുരുൾ നിവർത്തി
സങ്കട ശൈല ശിഖരത്തിൽ ജനിമൃതി ഗണിതകാവ്യാർത്ഥം
തേടിയലഞ്ഞു കുഴഞ്ഞു മടങ്ങി
വർദ്ധിത വ്യഥയുടെ കാറ്റു വരച്ചൊരു
വാർത്തയിൽ ഇങ്ങനെ
ആരെത്തേടുക ഗ്രാമത്തിൽ
ക്ഷണിക വിരുന്നിൽ തിമിരത്തിൽ
തിരികെ പോവുക തീർത്ഥാടകനെ
പാൽമുല നിറയെ കദനം വിങ്ങും
കൺ കുഴി കവിയും കടലു കടഞ്ഞും

# നവമുകുളങ്ങൾ

ചങ്ങല വലിയും കയ്യുകൾ പരതി

ഇനിയും വൈകും മകനായി വേവും

അമ്മയെ പൂട്ടിയ മുറി കണ്ടോ

അച്ഛൻ പോയതറിഞ്ഞില്ലേ

പുരയുടെ മൂലയിൽ ചുടലത്തെങ്ങ് വളർന്നതു കണ്ടില്ലേ

ഇളനീർ ഒന്നുകുടിച്ചൂടെ

അത്താഴവിരുന്നിനു ഇടയ്ക്കിടെ ഉരിയരി എരിയാൻ

അസ്ഥിക്കിടയിലെ ഇക്കിളി ആർക്കോ നൽകിയ

അനുജത്തിപ്പെണ്ണ് ഓടിമറഞ്ഞൊരു വഴിയേത്

അമ്പിളി എണ്ണി നിലാവിൽ നനഞ്ഞും

സാന്ത്വന മന്ത്രം മൂളിയിട്ടൊടുവിൽ

കൽവഴി താണ്ടാൻ കരളു വിഴുങ്ങാൻ

കഴിവില്ലെന്നുരചെയ്തൊരുവളു വന്യത പൂകി

ആരെ തേടുക ഗ്രാമത്തിൽ

ക്ഷണിക വിരുന്നിനെത്തി മരത്തിൽ

തിരികെപോവുക തീർത്ഥാടകനെ

തിരികെ പോകുക തീർത്ഥാടകനെ

**ടി ബി ദിലീപ് കുമാർ**
**അധ്യാപകൻ**



## DREAMS

When I fell into deep sleep
I thought about my aim
And in my dream
I saw myself sitting on a rotating chair
In front of me , a pile of files,
Pen and papers
Am I an administrator?
Who rules the small district.
I thought I was serving the Village people
with all my might and power

And when I woke up
I Lost my dream
I was alone sitting on my bed
There were no rotating Chairs,
No files, no papers, no pens
Now I am not an administrator
who rules village.

Though the vision flies from me
Its thoughts are still fresh in my mind
I will strive hard and hard
To accomplish my dream

Sredha S

X A





## **മാമ്പഴം**

മാമ്പഴം മുറ്റത്തു വീണു

ഞാനോ മിണ്ടാതെ  ചെന്നങ്ങെടുത്തു

പയ്യെകടിച്ച് നുണഞ്ഞു ഹയ്യാ-

എന്ന് പറഞ്ഞു രസിച്ചു

നല്ല ഫലം തരും മാവേ- നിന്റെ

നന്മയിൽ ഞാൻ കൊതിക്കുന്നു

നിന്നേപ്പോൽ നല്ല മധുരം നൽകാൻ

എന്നെയും നീ ക്ഷണിക്കുന്നു.

**പാർവ്വതി എസ്**

**8 B**

## സംഖ്യാ ഗാനം

ഒരു സംഖ്യയെയതിനാൽ
തന്നെ പലവട്ടം ഗുണിക്കാനായ്
മുകളിലെഴുതും
സംഖ്യ കൃത്യങ്കം



പൂരകമാം കോണുകളിൽ
തുക തൊണ്ണൂറായിടുമെ
നൂറ്റിയെമ്പതായിട്ടുകിൽ
അനുപൂരകം

വശങ്ങൾ മൂന്നെണ്ണങ്ങളായാൽ
ചുറ്റപ്പെടും സംവൃതമാം
രൂപമല്ലോ ത്രികോണ-
മെന്നറിയുന്നത്.

**ഷാരോൺ**

VII B

## Rebuilding of Kerala after Flood

Actually it was the tears of nature, but it made tears on the face of many keralites. Many of them lost their life and wealth together. It was the greatest flood kerala had faced. It was severe than the flood in 1999

Unscientific constructions and land use methods were responsible for increasing dangers during the flood. The construction along river banks added more dangers. Deforestation increased the possibilities of land sliding. The cats and dogs raining filled the 43 dams in Kerala in a quick succession. The Government had taken decision to open the dams, which exceeds the limit. As a result of that many areas under the sea level submerged in an instant. This deed increased the terror in the minds of people. The keralites left their dwelling places irrespective of religion and money and moved to refugee camps. The entire people united for rescue operation. It was a red letter day for the people in Kerala.

Now, dark clouds had gone

away. The sun of hope is glowing in the sky looking at kerala and now, its our turn to rebuild our home land. Nowadays climate changes are occuring world wide. The scientists say that the variation in climate was one of the root cause for flood. So we should give prime importance to the nature. The people who resides along river banks should change their dwelling places to safer places. The road and transportation systems collapsed completely. We should use modern technologies to rebuild the roads. If many such measures are taken we can rebuild our god's own country.

**Akshay Arjun**

**X A**



RIDDLES

1. If all the world is a stage and we are all actors, who will witness our play?

Ans: God

2. The man goes with a bag. What fruits are there in the bag?

Ans: Mangoes

3. Philipis the son of John, but John is not the father off Philip. Why is it so?

Ans: Because John is Philip's daddy.

4. Gandhiji's words, which we cannot forget, are worth following. Can you spot out the famous English poet, who is hidden in this sentence.

Ans: Wordsworth

5. What is the difference between a housewife and a wife?

Ans: A house-wife has got a house but a wife hasn't.

6. There are letters on it, but it is not a book, round in shape but not a wheel. What is it?

Ans: Coin

7. It has got a waist and two legs but has neither body nor feet. Can you think of such an article?

Ans: Fire

8. A king in front of a bar. Which word can you associate with this phrase?

Ans: Bar-king

9. Every day it comes from the north, east, west and south. What is it?

Ans: The NEWS

10. It has got eight bones and a leg. It's skin is black but it has no flesh. What is it?

Ans: An umbrella



Amrutha Subhash

IX A

## മയിൽ

പീലി വിടർത്തും മയിലമ്മ
നൃത്തം ചെയ്യും മയിലമ്മ
ചാടി നടക്കും മയിലമ്മ
ദേശീയപക്ഷി മയിലമ്മ.

## ടിക്കുവിന് പറ്റിയ അമളി

ഒരു തടാകത്തിൽ ധാരാളം താറാവുകൾ നീന്തി രസിക്കുകയായിരുന്നു.പെട്ടെന്ന് അവർ കാട്ടിൽ നിന്നും ഒരു ശബ്ദം കേട്ടു.ഗർ....ഗർ..... എല്ലാവരും തടാകത്തിൽ നിന്ന് കരയ്ക്കു കയറി.എന്നിൽ ടിക്കു ഒഴിച്ച് ബാക്കി താറാവുകളൊന്നും ശബ്ദം കേട്ട ഭാഗത്തേക്ക് പോയില്ല. എന്തായിരിക്കും ആ ശബ്ദം?ടിക്കുവിന് ആകാംക്ഷയായി.അവൻ ആരും കാണാതെ കാട്ടിലേക്ക് പോയി.പെട്ടെന്ന് കാട്ടിൽ പതുങ്ങി നിന്നിരുന്ന ടിട്ടു കടുവ അവന്റെമേൽ ചാടി വീണു,അവനെ ഭക്ഷണമാക്കി.

**ആർദ്ര കൃഷ്ണ എസ്**

**ക്ലാസ് II**



## ബുദ്ധിശാലിയായ കോഴി

ഒരു കാട്ടിൽ ഒരു കുറുക്കനുണ്ടായിരുന്നു.ഒരു ദിവസം ഇര തേടി നടന്നിട്ട് അവന് ഒന്നും കിട്ടിയില്ല. അവൻ കാട് കടന്ന് നാട്ടിലെത്തി. അപ്പോൾ അവൻ ഒരു വീട്ടിൽ തടിച്ച് കൊഴുത്ത ഒരു കോഴിയെ കണ്ടു. അവന്റെ വായിൽ വെള്ളമൂറി. അവൻ അവിടെ തക്കം പാർത്തിരുന്നു. കോഴി ഇതൊന്നുമറിയാതെ അവിടെ ചിക്കി ചികഞ്ഞു നടക്കുകയായിരുന്നു. പെട്ടന്ന് അവൻ കോഴിയുടെ കഴുത്തിന് പിടിച്ച് ഒരു സഞ്ചിയിലാക്കി ഗുഹയിലേക്ക് നടന്നു. അവൻ ഒരു വലിയ കലത്തിൽ വെള്ളം തിളപ്പിക്കുവാൻ വെച്ചിട്ട് പുറത്തേക്ക് പോയി.ആ സമയം കോഴി സഞ്ചിയുടെ കെട്ട് കൊത്തിയഴിച്ച് പുറത്തിറങ്ങി. അവനൊരു സൂത്രം തോന്നി. അവിടെ കിടന്ന ഒരു കല്ലെടുത്ത് സഞ്ചിയാലാക്കി കെട്ടിവെച്ചു.ഇതൊന്നുമറിയാതെ കുറുക്കൻ സന്തോഷത്തോടെ സഞ്ചിയുടെ കെട്ടഴിച്ച് തിളച്ച വെള്ളത്തിലേക്കിട്ടു. തിളച്ച വെള്ളം കുറുക്കന്റെ ദേഹത്ത് വീണു.കുറുക്കൻ കിടന്നു പിടച്ചു. കോഴി രക്ഷപെടുകയും ചെയ്തു.

**അധിപൻ എസ്**

I I



## ലുട്ടാപ്പി

ഒരിടത്തൊരിടത്ത് ലുട്ടാപ്പി എന്ന് പേരുള്ള ഒരു മായാജാലക്കാരനുണ്ടായിരുന്നു. ഭൂമിയിൽ ചപ്പുചവറുകൾ വലിച്ചെറിയുന്നവരെ കണ്ടു പിടിക്കുന്നതായിരുന്നു അവന്റെ ജോലി. ഒരു ദിവസം ഒരാൾ ചപ്പ് ചവറുകൾ വലിച്ചെറിയുന്നത് ലുട്ടാപ്പി കണ്ടു. അവൻ ഉടനെ സ്ഥലത്തെത്തി. എന്നിട്ട് അവൻ രൂപം മാറി ഒരു ചവറുകുട്ടയായി വഴിയിലിരുന്നു. അതു വഴി വന്ന അയാൾ കണ്ണും മൂക്കുമൊക്കെയുള്ള ചവറുകുട്ട കണ്ട് പേടിച്ച് പോയി. അയാൾ കയ്യിലിരുന്ന സാധനങ്ങൾ താഴെയിട്ട് ഓടാൻ തുടങ്ങി.അവന്റെ പുറകെ ചവറുകുട്ടയും ഓടി, അയാളെ പിടിച്ച് നിർത്തിയിട്ട് പറഞ്ഞു, “ ഹേ എന്തിനാണ് എന്നെ കണ്ടിട്ട് ഓടുന്നത്? ഞാനാണ് ലുട്ടാപ്പി. ഭൂമി വൃത്തികേടാക്കുന്നവരെ പറഞ്ഞ് മനസ്സിലാക്കാനാണ് വന്നത്.ഇനി ഇങ്ങനെ റോഡിൽ ചപ്പ് ചവറുകൾ വലിച്ചെറിയരുത് കേട്ടോ. അതിനായി വെച്ചിരിക്കുന്ന പാത്രങ്ങളിൽ തന്നെ ഇടണം മനസ്സിലായോ.” അയാൾ ലുട്ടാപ്പിയോട് ക്ഷമ ചോദിച്ചു. ഇത് കേട്ട ലുട്ടാപ്പി സന്തോഷത്തോടെ തിരികെ പോയി.



കീർത്തന എ
ക്ലാസ്സ് II

**മഴ**

ചറ പറ ചറ പറ മഴ പെയ്തു
മാനമിരുണ്ട് കറുത്തല്ലോ
മഴയിൽച്ചാടി രസിച്ചല്ലോ
കുടയുംചൂടി നടന്നല്ലോ
ആഹാ പെരുമഴ പെയ്തല്ലോ.

**ജനിയ**

**ജയൻ**

**ക്ളാസ്സ് II**



# വിദ്യാലയമൊരു പൂമരം

വിദ്യാലയമൊരു പൂമരം
വിജ്ഞാനത്തിൻ തേൻകുടം
അജ്ഞതയകലാൻ
അണയുക നിങ്ങൾ
സ്നേഹത്തുമ്പികളെ
അക്ഷരപ്പറവകളെ
കളിയും ചിരിയും പഠനവുമായി
കലയും കായികമികവതുമായ്
മനസ്സിൽ നിറയെ നൻമകളാലെ
ഈ സ്വർഗത്തിൽ വസിക്കാം
വിഷമായെത്തും ലഹരികളെ
പാടെ മനസ്സിൽ വെറുക്കാം
അറിവേകുന്ന ഗുരുക്കളെ
ഒരു മനസ്സാലെ നമിക്കാം

വിദ്യയാലെ ഒരു നവലോകം
വിഭാവന ചെയ്തിടാം
വിദ്യാലയമൊരു പൂമരം.

**വീണ ഉല്ലാസ്**
**8.ബി**



## MATILDA'S MAGIC COW

Once upon a time there lived a mother and her daughter Matilda. They were very poor. The only valuable thing they had was their cow. She gave them milk which they sold daily.

One day, the cow stopped giving them milk. “Let's sell the cow and buy another one”, Matildas mother said.

But Matilda was so fond of the cow that she couldn't even think of selling her. But her mother forced her to go to the market to sell the cow.

Matilda wept on the way to the market. An old man saw her and asked, “What's wrong ,dear ? ” Matilda told him her sad story. “Don't worry . You won't have to part with this cow . I'll help you.”

He cut some grass, and gave it to Matilda . “say 'Dear cow, please give us enough milk in return for this magic grass.” Matilda gave the grass to the cow and repeated the old man's words.

“Now you can take this cow to your home. Whenever you want to sell milk, tell the cow, 'Dear cow,please give us enough milk.' The cow will give you enough milk and you won't be poor again,”said the old man.

“Thank you grandpa.”Matilda thanked the old man and

ran  to her house with the cow. Matilda told her mother what had happened. Matilda's mother didn't believe her daughter. Then, Matilda chanted the words the old man had taught her.

The cow immediately gave them milk , which was creamier and tastier than before. From the day onwards,the cow gave them plenty of milk. Matilda and her mother became rich.

**Devika V**

**IX A**



## _ CINDERELLA

Once upon a time,there was a very beautiful young girl named Cinderella. She lived with her stepmother and her daughters. They treated Cinderella as their servant.

One day, the stepmother and her daughters were invited to a ball at the royal palace. Poor Cinderella wanted to go too. But her stepmother refused to take her. Cinderella was very sad. Suddenly, a fairy godmother appeared. She said, “I'll help you, Cinderella.” She waved her magic wand.Cinderella's old clothes immediately turned into a beautiful dress. “Get me a pumpkin!” the fairy ordered Cinderella. The fairy told her cat, “Bring me seven living mice.”

Cinderella soon returned with the pumpkin and the cat,with the mice. The fairy waved her magic wand again. The pumpkin turned into a sparkling coach. The mice became six white horses. The seventh mouse turned into a coachman.

“Now,go to the palace. But remember you must return home before twelve o'clock,” the fairy said.


At the palace, Cinderella danced with the prince. But as the clock struck midnight, Cinderella ran back home. While running, she lost one of her slippers. The prince picked up the slipper.

He said to his ministers, “Go and search everywhere. Find the girl whose foot fits into this slipper.” So, the ministers tried the slipper on the feet of every girl in the kingdom, including Cinderella's stepsisters. Suddenly, the fairy godmother appeared. She waved her magic wand. Cinderella appeared in a lovely dress. The ministers tried the slipper on Cinderella's foot. It fitted! They took Cinderella to the palace. The prince married her, and they lived happily ever after.

**Amrutha Subhash**

**IX A**




ARAVIND
IV A





Aparna Dileep
IX A






Aparna Dileep
IX A



## എന്റെ കിങ്ങിണി പൂച്ച

ദേവിക വി IX A





AND MILES TO GO BEFORE I SLEEP.................